ഉത്തരം

(എ) ഉണ്ട്.

(ബി) ആറ് വിജിലൻസ് ഉദ്യോഗസ്ഥർക്കെതിരെ അഴിമതിയാരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ 4 പേർക്കെതിരെ വിജിലൻസ് അന്വേഷണവും ഒരാൾക്കെതിരെ സത്വര പരിശോധനയും ഉത്തരവായിട്ടുണ്ട്. ഇതിനുപുറമേ ഒരാൾക്കെതിരെ വിജിലൻസ് അന്വേഷണവും വിജിലൻസ് കേസും നിലവിലുണ്ട്. അതിൽ വിജിലൻസ് അന്വേഷണം നടത്തി 2 പേർക്കെതിരെ ആരോപണങ്ങൾ തെളിയാത്ത സാഹചർ്യത്തിൽ മേൽ നടപടികൾ ശിപാർശ ചെയ്യാതെ അന്വേഷണം അവസാനിപ്പിക്കുകയും ഒരാൾക്ക് 'Warning' നൽകുകയും ചെയ്തു. വിജിലൻസ് അന്വേഷണത്തിന്റെ/കേസിന്റെ ഭാഗമായി ഒരാളിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുകയും ടിയാനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടരുകയും ചെയ്യുന്നു. സത്വര പരിശോധനാ ഫലമായി ഒരാൾക്കെതിരെ ആരോപണങ്ങൾ തെളിയാത്ത സാഹചര്യത്തിൽ മേൽ നടപടികൾ ശിപാർശ ചെയ്യാതെ അന്വേഷണം അവസാനിപ്പിച്ചു.

ടൂറിസം ട്രേഡ് ഫെയറുകൾ

81 (1551) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ട്രേഡ് ഫെയറുകൾ സംഘടിപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കാലയളവിൽ എത്ര ദേശീയ, അന്തർദേശീയ ടൂറിസം ട്രേഡ് ഫെയറുകളിൽ ടൂറിസം വകുപ്പ് പങ്കെടുത്തുവെന്ന് ഫെയറുകളുടെ പേരും വർഷവും തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഇത്തരം ട്രേഡ് ഫെയറുകൾ സംസ്ഥാന ടൂറിസം മേഖലയുടെ വികസനത്തിന് എത്രത്തോളം പ്രയോജനകരമായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇതുവരെ ട്രേഡ് ഫെയറുകൾ സംഘടിപ്പിച്ചിട്ടില്ല. എന്നാൽ പ്രമുഖ ടൂറിസം ഏജൻസികൾ ദേശീയ അന്തർ ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന ട്രേഡ് ഫെയറുകളിൽ ടൂറിസം വകുപ്പ് സജീവമായി പങ്കെടുത്തുവരുന്നു.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇത്തരം ട്രേഡ് ഫെയറുകളിൽ പങ്കെടുത്ത് പ്രചാരണം നടത്തിയതുവഴി കേരളത്തെക്കുറിച്ച് വിദേശ രാജ്യങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനും വിദേശ ടൂറിസ്റ്റുകളുടെ കേരളത്തിലേക്കുള്ള വരവ് വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly